# *GHSS IRANIKULAM*



- മാത്സ് ക്ലബ്
- സയൻസ് ക്ലബ്
- വിമുക്തി ക്ലബ്
- സോഷ്യൽ സയൻസ് ക്ലബ്
- ജൂനിയർ റെഡ് ക്രോസ്സ്
- ലിറ്റല് കൈറ്റ്സ്
- വിദ്യാരംഗം
- സ്കൂൾ സോഷ്യൽ സർവീസ് സ്കീം

## പ്രകൃതിയെ നോവിച്ചിടാതെ നമ്മൾ

മനുഷ്യൻ പ്രകൃതിയോടായി ചെയ്യുന്ന ക്രൂരത
അനുദിനം ഭൂമിയെ മലിനമാക്കിടുന്നു
പുഴയും കുളവും നാശമാക്കി
വായുവും ജലവും മലിനമാക്കി
പ്രകൃതിയോടായി ചെയ്യുന്ന ക്രൂരത
രോഗവും പീഡയും ഏറിവന്നിടുന്നു
ആയുസ്സും തീരെ കുറഞ്ഞുപോയിടുന്നു
എന്നിട്ടും മാറുന്നില്ല നമ്മൾ
നല്ലൊരു നാളേയ്ക്കായി ഒന്നിച്ചിടാം
പുതിയൊരു പ്രകൃതിയെ വാർത്തെടുക്കാം..

ആര്യനന്ദ ഇ. ആർ
5A ജി.എച്ച്.എസ്സ്.എസ്സ് ഐരാണിക്കുളം
മാള ഉപജില്ല
തൃശ്ശൂർ
അക്ഷരവൃക്ഷം പദ്ധതി, 2020
കവിത

## ശുചിത്വം

ഇന്നത്തെ കാലഘട്ടത്തിൽ വളരെ പ്രധാന്യമുള്ള വിഷയമാണ് ശുചിത്വം എന്നത്. ആരോഗ്യമുള്ള തലമുറകളുണ്ടാകണമെങ്കിൽ നമ്മുടെ മനസ്സും ശരീരവും വീടും പരിസരവും ഒരുപോലെ സംരക്ഷിക്കണം. എന്നാൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നതെല്ലാം അവരവരുടെ നേട്ടങ്ങൾക്കുവേണ്ടി മാത്രമാണ് അവർ പ്രയത്നിക്കുന്നത്. നാം നടക്കുന്ന വഴിയിലും ആശുപത്രിയിടങ്ങളിലും ശ്വസിക്കുന്ന നായുവിലും എന്തിന് കുടിക്കുന്ന വെള്ളത്തിലും മാലിന്യം അളുകി കിടക്കുന്നുണ്ട് നമ്മൾ അറിഞ്ഞോ അറിയാതെയോ അതെല്ലാം ഉള്ളിൽ പ്രവേശിപ്പിക്കുന്നു അങ്ങനെ നമുക്ക് പലതരം രോഗങ്ങൾ പിടിപെടുന്നു എതിൽനിന്നും നമുക്ക് മോചനം നേടണമെങ്കിൽ നമ്മൾ ഓരോരുത്തരും ശുചിത്വം പാലിക്കണം. തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക . ദിവസവും രണ്ടുനേരവും കുളിക്കുക നഖം വെട്ടിവൃത്തിയാക്കുക മുടി വളരുന്നതിനനുസരിച്ച് വെട്ടികളയുക ഭക്ഷണത്തിന് മുൻപും ശേഷവും കൈകൾ നന്നായി കഴുകുക. മലിനജലം കെട്ടികിടക്കാതിരിക്കാൻ ശ്രദ്ധിക്കുക. പ്ലാസ്റ്റിക്ക് കുപ്പി ,കവറുകൾ ഉപയോഗശേഷം വലിച്ചെറിയാതെയിരിക്കുക വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക . ഇന്ന് നാം നേരിടുന്ന കൊറോണയെന്ന വൈറസ് രോഗം പിടിപെട്ടവരെ ചികിത്സിക്കുന്നതിലും ശുചിത്വത്തിന് വളരെ പ്രാധാന്യമുണ്ട് . ഒരു പകർച്ച വ്യാധിയായ ഈ രോഗത്തെ തടയാനായി നമ്മൾ സോപ്പും അണുനാശിനികളും ഉപയോഗുക്കുന്നു. അതുകൊണ്ട് ഈ രോഗത്തെ ചെറുത്തു നിൽക്കാൻ നമുക്കു കഴിയുന്നു അതുകൊണ്ട് നല്ല വ്യക്തിത്വമുള്ളവരായി മാറാൻ നല്ല ശുചിത്ത്വശീലങ്ങൾ പാലിക്കുമെന്ന് നമുക്കെല്ലാവർക്കും പ്രതിജ്ഞയെടുക്കാം

- ആദിത്യൻ കെ.എസ്
- 5A ജി.എച്ച്.എസ്സ്.എസ്സ് ഐരാണിക്കുളം
- മാള ഉപജില്ല
- തൃശ്ശൂർ
- അക്ഷരവൃക്ഷം പദ്ധതി, 2020

ലേഖനം

# ഓർമ്മ

മലയും പുഴയും താണ്ടി ഓടിവരുന്ന,
മധുര മാമ്പഴങ്ങളുള്ള മാവിൽ
തൊട്ടുതലോടുന്ന പൂങ്കാറ്റ്....
മാമ്പഴം നണയാൻ ഓടിയെത്തുന്ന
പൈതങ്ങൾ....
ചുന കളഞ്ഞ മാങ്ങ പൂളി കിണ്ണത്തിലിട്ടു
കഴിക്കും അവര്...
അതിനായി ഉപ്പും മുളകും
എടുത്തികൊണ്ടുവരാൻ കാത്തിരിക്കുന്ന നിമിഷങ്ങള്...
ഉപ്പനെ കാണാൻ കാത്തിരിക്കുന്ന കൂട്ടുകാര്......
സന്ധ്യസമയത്ത് പാടം നിറയെയുള്ള കുട്ടികള്...
സൗന്ദര്യമുള്ള വെള്ളപട്ടാള കൊക്കുകൾ...
ഇത് വെറുമൊരു സ്വപ്നം മാത്രം...
ഇത് വെറുമൊരു ഓർമ്മ മാത്രം

ശ്രേണിക. എസ്
5A ജി.എച്ച്.എസ്സ്.എസ്സ് ഐരാണിക്കുളം
മാള ഉപജില്ല
തൃശ്ശൂർ
അക്ഷരവൃക്ഷം പദ്ധതി, 2020 കവിത

## പ്രകൃതിയാണ് അമ്മ

ഉണ്ണിക്കുട്ടൻ തന്റെ കാറിൽ അമ്പലത്തിലേയ്ക്ക് പോയികൊണ്ടിരിക്കുകയാണ്.  വഴിയിലാകെ തിക്കും തിരക്കും. വാഹനങ്ങൾ ഉറുമ്പുകൾ ഇഴയുന്നപോലെയാണ്  പോയികൊണ്ടിരിക്കുന്നത്. ഉണ്ണിക്കുട്ടൻ തന്റെ  ഡ്രൈവറോട് ചോദിച്ചു  നമ്മൾ എപ്പോഴാണ് അമ്പലത്തിൽ എത്തുക." കുറച്ചു സമയം എടുക്കും. നല്ല തിരക്കാണ്" ഡ്രൈവറുടെ മറുപടി. അവൻ സീറ്റിൽതലവച്ചു കിടന്നു.

ഇന്നലെയാണ് വിദേശത്തുനിന്ന് എത്തിയത്  തന്റെ പഴയകാലം ഓർമ്മയിലേയ്ക്ക് വന്നു .കുട്ടിയായിരുന്നപ്പോൾ ദിവസവും അപ്പുണ്ണിമാഷിന്റെ കൂടെയാണ് അമ്പലത്തിൽ പോയിരുന്നത്
മാഷുമായി ധാരാളം കാര്യങ്ങൾ സംസാരിക്കുമായിരുന്നു . മാഷ് പ്രകൃതി സ്നേഹിയായിരുന്നു. വീട്ടിൽ ധാരാളം വൃക്ഷങ്ങളും ചെടികളും ഉണ്ടായിരുന്നു . വീട്ടിൽ ചെല്ലുമ്പോൾ അദ്ദേഹം മരങ്ങളെക്കുറിച്ച് എനിക്ക് പറഞ്ഞുതരുമായിരുന്നു. പ്രകൃതിയെ തന്റെ അമ്മയെപോലെയാണ് കണ്ടിരുന്നത്.ഇങ്ങനെ സ്നേഹിച്ചും പരിപാലിച്ചും പോന്ന സമയത്താണ് പ്രളയെമന്ന മഹാ ദുരന്തം കേരളത്തെ വിഴുങ്ങിയത് തന്റെ ചുറ്റുപാടുകളുടെ നാശം മാഷിനെ വല്ലാതെ തളർത്തി. നെഞ്ചിലനുഭവപ്പെട്ട വിഷമം ആശുപത്രിയിൽ പോകാനാവാതെ മാഷ് ഭൂമുയിൽ നിന്ന് വിടപറഞ്ഞു . "അമ്പലത്തിൽ എത്തിയിരിക്കുന്നു സർ" ശബ്ദം കേട്ടപ്പോഴാണ് ഓർമ്മയിൽ നിന്നുണർന്നത്.
ക്ഷേത്രവും പരിസരവും ആകെ മാറിയിരിക്കുന്നു മണ്ണിടിച്ചും മരങ്ങൾ വെട്ടിയും ഹോട്ടലുകളും പിതിയ കടകളും വന്നിരിക്കുന്നു . പ്രകതിയെന്ന പോറ്റമ്മയെ ഇല്ലാതാക്കുന്ന മനുഷ്യന്റെ ദുഷ്പ്രവർത്തിയുടെ ഫലം വരും തലമുറ അനുഭവിക്കേണ്ടിവരുമല്ലോഎന്ന് ഓർത്ത് ഒരു ദീർഘ നിശ്വാസത്തോടെ അയാൾ അമ്പലത്തിന്റെ പടികൾ കയറി

ആര്യനന്ദ ഇ. ആർ
5A ജി,എച്ച്.എസ്സ്.എസ്സ് ഐരാണിക്കുളം
മാള ഉപജില്ല
തൃശ്ശൂർ
അക്ഷരവൃക്ഷം പദ്ധതി, 2020
കഥ

# പ്രകൃതി സൗന്ദര്യം

ഇരുളുന്നു
ഇടിയും മഴയും ഉണ്ടാകുന്നു
ഭക്ഷണം തേടിപ്പോയ കിളികൾ
കൂട്ടിലേക്ക് തിരിച്ചുപോകുന്നു.
മഴത്തുള്ളികൾ
ആഹ്ലാദത്തോടെ
ഭൂമിയിലേക്ക് ചാടിയിറങ്ങി.
ഇതാ മഴ പെയ്യുന്നു!
കാറ്റടിച്ച് മരത്തിലെ ഇലകൾ
കൊഴിഞ്ഞു വീഴുന്നു
ദാഹിച്ചിരുന്ന ജീവജാലങ്ങൾക്കു വെള്ളം ലഭിച്ചു
മഴ പതിയെ നിശ്ശബ്ദനായപ്പോൾ
സൂര്യൻ തെളിഞ്ഞുവന്നു
ഒപ്പം ആകാശത്ത് മഴവില്ലും !
നക്ഷത്രം

(വൈഗ വി ആചാരി )

# നക്ഷത്രം

ദുഃഖിതയാണവൾ
കരയുകയാണവൾ
അവൾ  തലയുയർത്തി
ആകാശത്തിലേക്കു നോക്കി;
തിളങ്ങുന്ന
നക്ഷത്രങ്ങൾ !
അവൾ മനസ്സിൽ പറഞ്ഞു:
ആകാശത്തിന് നക്ഷത്രം വെളിച്ചം പകരുന്നതുപോലെ
രാത്രിയിലെ ആകാശം പോലെ
ഇരുണ്ട മനസ്സുള്ള എൻ്റെ ഹൃദയത്തിന്
വെളിച്ചം പകരാൻ ആരുമില്ലല്ലോ!

(ശിവഗംഗ ഹരിഹരൻ ,ആറാം ക്ലാസ്സ് )

## Moon day





## Hiroshima day







## Anti-drug day



# *annual day celebration 2023-24*




ജി എച് എസ് എസ് ഐരാണിക്കുളം സ്കൂളിന്റെ വാർഷികാഘോഷം 2024 ജനുവരി 25 ആം തിയ്യതി നടന്നു .വളരെ ഗംഭീരമായാണ് പരിപാടികൾ നടന്നത് .രാവിലെ 10 മണിക്ക് ആരംഭിച്ച പരിപാടി വൈകീട്ട് 5 മണിയോടെയാണ് അവസാനിച്ചത്

# *school social service sheme*





*three days fellowship camp*





സ്കൂൾ സോഷ്യൽ സർവീസ് സ്കീമുമായി ബന്ധപ്പെട്ട് ധ്വിദിന സഹവാസ ക്യാമ്പ്
n s l p s മഠത്തുംപടി സ്കൂളിൽ വച്ച് നടന്നു .
ജില്ലാ പഞ്ചായത്ത് അംഗം ആയ ശോഭന ഗോകുൽ നാഥ് ആണ് പരിപാടികൾ
ഉദഘാടനം  ചെയ്തത് .കുട്ടികളുടെ പരിപൂർണ സഹകരണം ഉണ്ടായിരുന്നു



*thank you.....*

created by : lk 2022-25 batch
g h s s Iranikulam